പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 635 — 30.7.2015 ൽ മറുപടിക്ക്

## ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. സത്യൻ ;<br>ശ്രീ. പി.കെ. ഗുരുദാസൻ ;<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ ;<br>ശ്രീമതി അയിഷാ പോറ്റി ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(ബഹു. വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി രൂക്ഷമായ പ്രതിസന്ധിയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ആഗോളതലത്തിലുള്ള വിലയിടിവും അനാരോഗ്യകരമായ ഇറക്കമതിയും കമ്പനിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ പ്രതിസന്ധിയുടെ കാരണം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;<br><br>സി) ടൈറ്റാനിയം ഡയോക്സൈഡിന് ആഭ്യന്തര മാർക്കറ്റിൽ ഇടിവ് സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനാധാരമായ പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ; | ബി) & സി) ഉണ്ട്. പ്രധാനമായും ചൈന, കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് ടൈറ്റാനിയം ഡയോക്സൈഡ് കുറഞ്ഞവിലയ്ക്ക് ഇറക്കമതി ചെയ്യുന്നത് ആഭ്യന്തര മാർക്കറ്റിൽ ഉൽപ്പന്നത്തിന്റെ വിലയിടിയുവാൻ കാരണമായിട്ടുണ്ട്. ഈ വിലയിടിവ് കാരണം ഉൽപ്പാദന ചിലവിന് ആനുപാതികമായി വില ലഭിക്കാതെ പ്രവർത്തന നഷ്ടം ഉണ്ടാകുന്നത് കമ്പനിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.<br><br>ഇത്തരത്തിലുള്ള അനാരോഗ്യകരമായ ഇറക്കമതി റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെയും വില കുറയുവാൻ കാരണമായിട്ടുണ്ട്. ഈ വിലക്കുറവ് റൂട്ടയിൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡിന്റെ ഉപഭോഗം കൂട്ടുന്നതിനും അതുവഴി ആഭ്യന്തര വിപണിയിൽ അനട്ടേസ് ഗ്രേഡിന്റെ ആവശ്യകത കുറയുന്നതിനും കാരണമായിട്ടുണ്ട്. കമ്പനിയുടെ നിലവിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് വേണ്ടി സർക്കാർ ഈ സാമ്പത്തിക വർഷം (2015-16) 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

ഡി) കമ്പനിയുടെ മികച്ച ഗുണനിലവാരം പുലർത്തിയിരുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ ഗുണനിലവാരം ഇപ്പോൾ പിറകോട്ട് പോയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ കണ്ടെത്തി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഡി) ട്രാവൻകൂർ ടൈറ്റാനിയം കമ്പനി ഉൽപ്പാദിപ്പിക്കുന്ന അനട്ടേസ് ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡ് വിപണിയിൽ ഉന്നതനിലവാരം പുലർത്തുന്ന ഉൽപ്പന്നമാണ്. നിലവിലെ പ്രതിസന്ധിയിലും ഉൽപ്പന്നത്തിന്റെ മികച്ച ഗുണനിലവാരമാണ് കമ്പനിയുടെ മുഖമുദ്ര.

സെക്ഷൻ ഓഫീസർ